പരിശോധനകൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് 2014 കാലയളവിൽ സ്വകാര്യ ആശുപത്രികളിൽ നടത്തിയ സ്ക്രാഡ് പരിശോധനകളിൽനിന്നും മിനിമം വേതനം നൽകാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് വരെ നടത്തിയ പരിശോധനയിൽ 30 സ്ഥാപനങ്ങൾക്കെതിരെ 1,49,54,800 രൂപയുടെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 9 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമം

249 (914) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) പ്രസ്തുത വിഭാഗം തൊഴിലാളികളുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് ഇവരെ സഹായിക്കുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പരമ്പരാഗത വ്യവസായ മേഖലകളായ കശുവണ്ടി, കൈത്തറി, ബീഡി & സിഗാർ, കൈത്തൊഴിലാളി വിദഗ്ധ തൊഴിൽ, ഈറ്റ, കാട്ടുവള്ളി, തഴ എന്നീ തൊഴിൽ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധികൾ രൂപീകരിക്കുകയും ടി ക്ഷേമനിധി മുഖാന്തിരം പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്നു.

(ബി) ഉണ്ട്.

(സി) പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് തൊഴിൽ വകുപ്പിൽ പ്രത്യേക പദ്ധതികളില്ല.

LIBRARY ARCHIVES Kerala Legislative Assembly